ശ്രീ. ടി. കെ. നാരായണപിള്ള : അവരുടെ എല്ലാം കാര്യങ്ങളെപ്പറ്റിയും അന്വേഷിക്കുന്നതിനാണ്.

ശ്രീ. എ. താണുപിള്ള : എല്ലാ കാര്യങ്ങളുമെന്നു പറഞ്ഞാൽ, ആ കമ്മിറ്റി അവരുടെ മറ്റുള്ളവരുടേയും കുഞ്ഞുങ്ങളുടേയും കാര്യമൊക്കെ അന്വേഷിച്ചോ? It is a very serious matter Sir, and this House is entitled to know the details.

Mr. Speaker: The honourable member would remember that serious matters are not to be approached in this light manner.

ശ്രീ. എ. താണുപിള്ള : എല്ലാകാര്യങ്ങളെപ്പറ്റിയും അന്വേഷിക്കാനാണെന്നു പറഞ്ഞതുകൊണ്ട് ചോദിച്ചുപോയതാണ്.

Sri. D. Gnanasigamoni: Is it in pursuance of a report from Justice Fazal Ali?

ശ്രീ. ടി. കെ. നാരായണപിള്ള : ഹൈക്കോടതി ജഡ്ജിമാരുടെ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി സുപ്രീംകോടതിയിൽനിന്നും ഒരാളെ നിയോഗിച്ചിരുന്നു. ആ വ്യക്തിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് അദ്ദേഹത്തെ പിരിച്ചയച്ചിട്ടുള്ളത്.

ശ്രീ. സി. വി. ഇയ്യു : ഹൈക്കോടതി ജഡ്ജിമാർ ആ ഉദ്യോഗത്തിനു് യോഗ്യരാണോ എന്നു നിശ്ചയിക്കുന്നതിനല്ലേ അദ്ദേഹത്തെ നിയോഗിച്ചിരുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ, അതാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ ശുപാർശയനുസരിച്ചാണ് പിരിച്ചയച്ചതെന്ന്.

ശ്രീ. മാന്നാർ ഗോപാലൻ നായർ : ആ കമ്മിറ്റിയിൽ ആരെല്ലാം ഉണ്ടായിരുന്നു എന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ജസ്റ്റിസ് ഫസിൽ അലി.

അവസാനത്തെ പഞ്ചായത്തു് തെരഞ്ഞെടുപ്പു്

*വൻ ൦. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി സഭയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി എന്നീ വിഭാഗങ്ങളിൽ അവസാനം നടന്ന പഞ്ചായത്തു് തിരഞ്ഞെടുപ്പു് എന്നായിരുന്നു;

(ബി) അടുത്ത തിരഞ്ഞെടുപ്പു് എന്നാണു് നടത്തുവാൻ ഉദ്ദേശിക്കുന്നതു്

(സി) പുതിയ തെരഞ്ഞെടുപ്പു് നടത്തുവാൻ ഇത്ര അധികം താമസം വരുവാനുള്ള കാരണമെന്തു്;

(ഡി) പുതിയ തെരഞ്ഞെടുപ്പു് സംബന്ധിച്ചുള്ള വോട്ടേഴ്സ് ലിസ്റ്റ് വാർഡ് വിഭജനം മുതലായവ ശരിപ്പെടുത്തി കഴിഞ്ഞോ?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) തിരുവിതാംകൂറിൽ ൨൯—൩—൧൯൫൩. കൊച്ചിയിൽ ൧൯൫൪ & ൧൯൫൫.

(ബി) പുതിയ സമ്മതിദായകന്മാരുടെ പട്ടിക പൂർത്തിയായാൽ ഉടനെ.

(സി) സമ്മതിദായകന്മാരുടെ പട്ടിക പൂർത്തിയാകാത്തതുകൊണ്ടു്.

(ഡി) ഇല്ല.

† Question No. 980 [26] was put by Sri. M. I. Paul

LIBRARY ARCHIVES Kerala Legislative Assembly